DESPATCHED
On 25/02/2020

3/02/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,


തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.-nic.-in


## ഹർജി നമ്പർ C.P. No.384(6)/2018/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.4736/എസ്.ഐ.സി–ജി 5/2018)*

സന്നിഹിതൻ

**ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

.ശ്രീ. വട്ടവയലിൽ ജോസഫ് ആന്റണി
റോൾ നം.കെ 295/ 1974,ബാർ കൗൺസിൽ ഓഫ് കേരള
പാല പി.ഒ., കോട്ടയം – 686575
} പരാതി ഹർജിക്കാരൻ

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
പുരാവസ്തു വകുപ്പ്,
പുരാവസ്തു വകുപ്പദ്ധ്യക്ഷ കാര്യാലയം ,
സുന്ദര വിലാസം കൊട്ടാരം,
തിരുവനന്തപുരം.–23
} എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 15.08.2017 |
| മറുപടി ലഭ്യമാക്കിയ തീയതി | |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 04.05.2018 |
| കമ്മീഷൻ പരാതി ലഭിച്ച തീയതി | 07.05.2018 |
| ഹിയറിംഗ് തീയതി<br>സ്ഥലം | 01.02.2020<br>സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിധ്യം :പരാതി ഹർജിക്കാരൻ<br>: എസ്.പി.ഐ.ഒ | ഹാജരായില്ല<br>ഹാജരായി |

RIGHT TO INFORMATION

# ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ.വട്ടവയലിൽ ജോസഫ് ആന്റണി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവര ങ്ങൾ നാളിതുവരെ എതിർകക്ഷി നൽകിയിട്ടില്ലായെന്നും ആയത് എതിർകക്ഷിയുടെ ഭാഗത്തുനിന്നും വിവരാവകാശ നിയമ പ്രകാരം ഉണ്ടായ വീഴ്ചയാണെന്നും ആയതിനാൽ ഇക്കാര്യത്തിൽ എതിർകക്ഷിക്കെതിരെ യുക്തമായ നടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്,

i) ശ്രീ.ആർ. ചന്ദ്രൻ പിള്ളയുടെ 07.03.2005 ലെ റിപ്പോർട്ട് തയ്യാറാക്കിയത് Disaster Management Authority യുടെ അഭിപ്രായം /റിപ്പോർട്ട് ലഭിച്ചശേഷം ആയിരുന്നോ എന്നും

ii) മേൽപ്പടി റിപ്പോർട്ട് തയ്യാറാക്കിയത് Center for Earth Science Studies ന്റെ അഭിപ്രായം /റിപ്പോർട്ട് തേടിയ ശേഷം ആയിരുന്നോ എന്നുമാണ്.

മേൽപ്പടി വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് ഹർജിക്കാരൻ 30.10.2017 തീയതി മറ്റൊരു അപേക്ഷ എതിർകക്ഷി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതായും കാണുന്നു.

3. എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, 15.08.2017 തീയതിയിലെ ഹർജിക്കാരന്റെ അപേക്ഷ കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ലെന്നും ആയതിന്മേൽ അപ്പീൽ അപേക്ഷ സമർപ്പിച്ചതായി കാണുന്നില്ലായെന്നും 30.10.2017 തീയതിയിലെ അപേക്ഷയിന്മേൽ സംസ്ഥാന വിവരാവകാശ കമ്മീഷൻ സിറ്റിംഗ് നടത്തിയിട്ടുള്ളതാണെന്നും മേൽപ്പടി അപേക്ഷയിന്മേലുള്ള അപ്പീൽ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയിട്ടുള്ളതാണെന്നും ആയതിന്റെ പകർപ്പ് കമ്മീഷൻ മുമ്പാകെ ഹാജരാക്കുന്നുവെന്നുമാണ്. 10.01.2018 തീയതി ഒന്നാം അപ്പീൽ അധികാരി ഹർജിക്കാരനു നൽകിയ മറുപടിയിൽ അറിയിച്ചത്, പുരാവസ്തു വകുപ്പിന്റെ പ്രവർത്തനം 1968 ലെ ആക്ടിനെയും അതിനോടനുബന്ധിച്ചുള്ള 1972 ലെ റൂൾസിനെയും അടിസ്ഥാനപ്പെടുത്തിയാണെന്നും അത് മാനദണ്ഡമാക്കിയാണ് പുരാവശിഷ്ടങ്ങളും അവശേഷിപ്പുകളും സ്മാരകമായി പ്രഖ്യാപിക്കുന്നത് എന്നും

RIGHT TO INFORMATION

മേൽപ്പറഞ്ഞ ആക്ടിനെയും റൂൾസിനെയും അടിസ്ഥാനപ്പെടുത്തി പൂർണ്ണമായും തകർന്ന സ്മാരകങ്ങൾ വരെ ചരിത്ര പ്രാധാന്യമുൾക്കൊണ്ട് ഭാവിയിലെ തലമുറയ്ക്കായി പുനർ നിർമ്മിക്കുവാനും ബലക്ഷയം പരിഹരിക്കുവാനും വകുപ്പിന് ഉത്തരവാദിത്വവും സാങ്കേതിക ശേഷിയും ഉണ്ടെന്നുമാണ്.

4. എതിർകക്ഷി, കമ്മീഷൻ മുമ്പാകെ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷ ബന്ധപ്പെട്ട സെക്ഷനിൽ മറുപടിക്കായി നൽകിയെങ്കിലും മേൽപ്പടി മറുപടി സെക്ഷനിൽ നിന്ന് ലഭിക്കാത്തതിനാൽ യഥാസമയം ഹർജിക്കാരന് മറുപടി ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ലായെന്നും എന്നാൽ മേൽപ്പടി തപാലുമായി ബന്ധപ്പെട്ട് അപ്പീൽ ലഭിച്ചതിനെ തുടർന്ന് ഹർജിക്കാരന് മറുപടി നൽകിയിട്ടുള്ളതാണെന്നും മറ്റുമാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 15.08.2017 ലെ അപേക്ഷയിന്മേൽ SPIO മറുപടി നൽകിയിരുന്നതായി കാണുന്നില്ല. ആയത് വിവരാവകാശ നിയമത്തിലെ 7(1) വകുപ്പിന്റെ ലംഘനവും 20 (1) വകുപ്പു പ്രകാരം കുറ്റകരവും ശിക്ഷാർഹവുമാണ്. ആയതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ എതിർകക്ഷിക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ പരാമർശിത കാലയളവിലെ എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയതു ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടി എതിർകക്ഷിക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ ശിക്ഷാ ഉത്തരവ് പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ നേരിൽക്കണ്ട് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതാണ്.

6. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ഒന്നാം അപ്പീൽ അധികാരി 10.01.2018 തീയതി നൽകിയിട്ടുള്ളതായി കാണുന്നതിനാൽ, ഈ പരാതി ഹർജിയിൽ മറ്റു നടപടി

കൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 3–ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു.

ഒപ്പ്

**വിൻസൻ എം. പോൾ**
**മുഖ്യ വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

suja

RIGHT TO INFORMATION